കേരള സർക്കാർ

# പാറക്കടവ് ഗ്രാമപഞ്ചായത്ത്

## 2015-16

# ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**
**website : www.lfa.kerala.gov.in**
**e-mail : doekm.ksad@kerala.gov.in**

.

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.11)2263/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 09.01.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറക്കടവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാറക്കടവ് ഗ്രാമപഞ്ചായത്ത് 15-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേര ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് ര നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറക്ക ഗ്രാമപഞ്ചായത്തിന്റെ 15-16 സാമ്പത്തികവർഷത്തിലെ ധനകാര്യപത്രികയു പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫ ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കാ ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികയിലേയ്ക്കും പ്രത്യേ ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കു ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളു പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി 6 മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കാ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിു ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡ പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്ത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായ രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 2 (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

<u>പകർപ്പ്</u>:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപ സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇ.കെ.എം(പി.11)2263/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്– 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 09.01.2017

## എറണാകുളം ജില്ലയിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 15-16 സാമ്പത്ത് വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡ അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **-** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **8** എണ്ണത്തിനുള്ള മറുപടി ലഭിച്ചിട്ടു മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡ അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേ രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപ നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊ ഉത്തരവാദിത്വവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി. സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.07.2016 മുതൽ 30.07.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കിഷോർ തോമസ് എം ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി കവിതാദേവി.വി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ടെസ്സി.എം, അസി. ഓഡിറ്റ് ഓഫീസർ |
| | |

| | |
|---|---|
| | ശ്രീ ബെന്നി സെബാസ്റ്റ്യൻ, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | പി വി ജോസ് | 1.4.15 | 30.11.15 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.12.15 | 13.12.15 |
| | ശ്രീമതി ഗ്ലാഡിസ് പാപ്പച്ചൻ | 14.12.15 | 31.3.16 |
| സെക്രട്ടറി | ടി.ആർ. മോഹൻകുമാർ | 1.4.15 | 26.1.16 |
| | ശ്രീ കെ.ഒ ജോർജ് | 27.7.16 | 29.2.16 |
| | ശ്രീ ജയചന്ദ്രൻ കെ.കെ | 1.3.16 | 31.3.16 |
| **സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺസ്** | | | |
| വികസനം | ശ്രീ.ചന്ദ്രശേഖരവാര്യർ | 01.04.2015 | 30.11.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.12.15 | 18.12.16 |
| | ശ്രീമതി ജിഷ ശ്യാം | 19.12.16 | 31.3.16 |
| ക്ഷേമകാര്യം | ശ്രീമതി.മേരി റാഫേൽ | 01.04.2015 | 30.11.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.12.15 | 18.12.16 |
| | ശ്രീ സി.പി. അനിരുദ്ധൻ | 19.12.16 | 31.3.16 |
| വിദ്യാഭ്യാസം & ആരോഗ്യം | ശ്രീ.എം.ആർ.രവികുമാർ | 01.04.2015 | 30.11.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.12.15 | 18.12.16 |
| | ശ്രീമതി താര സജീവ് | 19.12.16 | 31.3.16 |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി. | കെ കെ ജയചന്ദ്രൻ | 01-04-15മുതൽ31-03-16വരെ |
| കൃഷിഓഫിസർ. | സൈറാബാനു.വി.കെ | 01-04-15മുതൽ31-03-16വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.പ്രസീദ്.സി.പി | 01-04-15മുതൽ31-03-16വരെ |
| HM,GUPS,കുറുമശേരി | ശ്രീമതി കെ.കെ.കോമളം | 01-04-15മുതൽ31-03-16വരെ |
| അസി.എഞ്ചിനിയർ, എൽ .എസ്. ജി.ഡി | ശ്രീ.സിജി മത്തായി. | 01-04-15മുതൽ31-03-16വരെ |
| വി.ഇ .ഒ,പാറക്കടവ് | ശ്രീ.സുനിൽ ഇ.ജി. | 01-04-15മുതൽ31-03-16വരെ |
| വി.ഇ .ഒ,പുളിയനം | ശ്രീ.ദീപു.ബി.എൽ. | 01-04-15മുതൽ31-03-16വരെ |
| മെഡിക്കൽ ഓഫിസർ പി.എച്ച്.സി. | ഡോ പ്രസ്ളിൻ ജോർജ് | 01-04-15മുതൽ31-03-16വരെ |
| മെഡിക്കൽ ഓഫിസർ (ആയുർവേദം) | ഡോ. പി.കെ ശ്രീലത | 01-04-15മുതൽ31-03-16വരെ |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലീന.പി.ജോസഫ് | 01-04-15മുതൽ31.1.16വരെ |
| | ശ്രീമതി സ്മിത ജോസ് | 1.2.16 മുതൽ 7.3.16 |
| | ശ്രീമതി ജീഷ മാത്യു | 8.3.16 മുതൽ 31.3.16 |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഉമ്മുഹബീബ കുന്നത്ത് | 01-04-15മുതൽ 31-03-16വരെ |

.


**ഉള്ളടക്കം**

| ക്രമ നം. | **ഭാഗം - 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | **ഭാഗം - 2** | |
| 11 | തനത് ഫണ്ട് സൂക്ഷിക്കാൻ ഒന്നിലധികം അക്കൗണ്ടുകൾ | 2-1 |
| 12 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | 2-2 |
| 13 | വാർഡുതലത്തിൽ ട്രേഡ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല | 2-3 |
| | | |

| | | |
|---|---|---|
| 14 | വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ | 2-4 |
| 15 | വാടക കുടിശ്ശിക ഈടാക്കിയില്ല. | 2-5 |
| | **ഭാഗം – 3** | |
| 16 | മെഡിക്കൽ ഓഫീസറുടെ (ആയുർവ്വേദം)പ്രോജക്റ്റിലെ അപാകത | 3-1 |
| 17 | ആശ്രയ - അർഹരായവർക്കുമാത്രം ആനുകൂല്യം നൽകേണ്ടതാണ്. | 3-2 |
| 18 | പുളിയനം കുന്ന് ഐഎച്ച്ഡിപി കുടിവെള്ളപദ്ധതി - എസ്റ്റിമേറ്റും ബില്ലും പ്രകാരമുള്ള വേലകൾ ചെയ്തിട്ടില്ല. | 3-3 |
| 19 | എളവൂർ മാമ്പ്ര LPS മെയിന്റനൻസ്, അപാകത | 3-4 |
| 20 | അങ്കണവാടി മെയിന്റനൻസ് ചെലവ് 674965/-രൂപ | 3-5 |
| 21 | നിരക്ക് രേഖപ്പെടുത്താത്തയാൾക്ക് കരാർ ഉറപ്പിച്ചു നൽകി | 3-6 |
| 22 | കക്കൂസ് നിർമ്മാണം തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല | 3-7 |
| 23 | ടെലിഫോൺ ചാർജ്ജു - ലേറ്റ് ഫീ | 3-8 |
| 24 | വാട്ടർ ഇറിഗേഷൻ സപ്ലൈസ്കീം. | 3-9 |
| 25 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന | 3-10 |
| 26 | ജവർഹലാൽ ജയന്തിഭവന പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലെ അപാകത | 3-11 |
| 27 | മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹിച്ച പദ്ധതിയിലെ അപാകത | 3-12 |
| 28 | ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-13 |
| | **ഭാഗം - 4** | |
| 29 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്ക് | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2014-15 | അനുബന്ധം.1 |
| 39 | ബാലൻസ് ഷീറ്റ് – 2014-15 | അനുബന്ധം.2 |
| 40 | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2014-15 | അനുബന്ധം.3 |
| 41 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2014-15 | അനുബന്ധം4 |

# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

| ക്രമ നം. | വരവ് | | ചെലവ് | |
|---|---|---|---|---|
| 1 | ബജറ്റ് വരവ് | 161167000 | ബജറ്റ് ചെലവ് | 163226000 |
| 2 | യഥാർത്ഥ വരവ് | 49996087 | യഥാർത്ഥ ചെലവ് | 59736461 |
| 3 | വ്യത്യാസം | 111170913 | വ്യത്യാസം | 103489539 |

അധികമായി വ്യത്യാസങ്ങൾ വന്ന ഇനങ്ങളുടെ വിവരങ്ങൾ താഴെചേർക്കുന്നു.

| ഇനം | ബജറ്റ് വരവ് | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 7500000 | 2755868 | 4744132 |
| തൊഴിൽ നികുതി | 1800000 | 1275090 | 524910 |
| വാടക | 500000 | 118850 | 381150 |
| ലൈസൻസ് ഫീസ് | 300000 | 127500 | 172500 |

സ്ഥിരം ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനങ്ങളിൽ വലിയ വ്യത്യാസങ്ങ സംഭവിച്ചിട്ടുണ്ട്. ഇപ്രകാരം കണക്കുകൾ തയ്യാറാക്കി അതിനനുസര പദ്ധതികൾ തയ്യാറാക്കിയാൽ അവ പ്രാവർത്തികമാക്കുന്നതെങ്ങനെയെ വ്യക്തമല്ല. മുൻവർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്നതിന് ആനുപാതികമാ വരവുകണക്കുകൾ തയ്യാറാക്കേണ്ടതാണ്

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31-07-2016 | 28-07-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 . സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13038847 |
| വരവ് | 49996087 |
| ആകെ | 63034934 |
| ചെലവ് | 59736461 |
| നീക്കിയിരിപ്പ് | 3298473 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് & പൊതുവിഭാഗം | 2485363 | 7916743 | 10402106 | 10402106 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2014088 | 4262815 | 6276903 | 6276903 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 187710 | 2588640 | 2776350 | 2776350 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 46097 | 7781075 | 7827172 | 7827172 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 636877 | 6009266 | 6646143 | 6646143 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 34142 | 0 | 34142 | 34142 | 0 |
| എം.എൻ.ആർ.ഇ. ജി.എസ്. | 618 | 483721 | 484339 | 479857 | 4482 |
| ബി ഫണ്ട് | 0 | 35407157 | 35407157 | 35407157 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 57528980 | 142 | 43744358 | 32 | 3 | 80.22% |

## 1-7. തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4650467 | 4060146 | 590321(-) | 12.69(-) |
| നികുതിയേതര വരവുകൾ | 721691 | 969576 | 247885 | 34.34(+) |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 340430 | 96311 | 244119(-) | 71.70(-) |
| ആകെ | 5712588 | 5126033 | 586555(-) | 10.26(-) |

## 1-8 ക്ഷേമപദ്ധതികൾ

**2015-2016**-ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 28200 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 7824960 | 959 |
| വിധവാപെൻഷൻ | 12386920 | 1157 |
| വാർദ്ധക്യകാലപെൻഷൻ | 9946920 | 1106 |
| വികലാംഗപെൻഷൻ | 3745325 | 361 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 978920 | 94 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 370000 | 13 |

## 1-9 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. ജനങ്ങൾക്ക് ക്രമപ്രകാ സേവനങ്ങൾ ലഭിക്കുന്നുണ്ട്. ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പൂർ രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് അപേക്ഷക പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. ഡി&ഒ ലൈസൻസ് രജിസ്റ്റർ ക്രമപ്രകാ എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ സ്ഥാപന തൊഴിൽ നികുതിയിനത്തിൽ എ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2016 | 31.10.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.9.2015 | 17.9.15 വരെ | 20.10.2015 |

## 1-11 ഓഡിറ്റ് ഇംപാക്റ്റ്

പാറക്കടവ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ഓഡിറ്റ് വേളയ് നൽകിയ ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ 6344/-രൂപ പഞ്ചായ ഫണ്ടിൽ അടവാക്കുകയുണ്ടായി.
വിശദവിവരം താഴെ കൊടുക്കുന്നു.

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ (soo25/16- പേവി പ്രതിരോധ കുത്തിവെയ്പ്പ്) 800/-രൂപ രശീതി നം.11601104101 തീ.20/12/2016 പ്രകാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി. (എൻക്വയറി നം.13)

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ (soo30/16-ഏത്തവാഴകൃഷി 344/-രൂപ രശീതി നം.11601104099 തീ.20/12/2016 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.(എൻക്വയറി നം.12)

2015-16 ൽ രജിസ്ട്രേഷൻ നടത്താത്ത ഡിവൈൻ ഹെൽത്ത് ക്ലിനിക്ക് മൂഴിക്കു എന്ന സ്ഥാപനത്തിൽ നിന്നും പിഴയായി 5200.00 രൂപ രസീത് നമ്പർ 11601104 തീയതി 21.12.2016 പ്രകാരം ഈടാക്കി.(എൻക്വയറി നം.7)

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് ഫണ്ട് സൂക്ഷിക്കാൻ ഒന്നിലധികം അക്കൗണ്ടുകൾ

പാറക്കടവ് ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം തനത് ഫ സൂക്ഷിക്കാൻ ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നതായി കാണു സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂഴിക്കുളം ശാഖ a/c no.30182689973 – ലാണ് തനത് ഫ സാധാരണയായി സൂക്ഷിക്കുന്നത്. എന്നാൽ എറണാകുളം ജില്ലാ സഹകരണബ കുറുമശ്ശേരി ശാഖയിലും a/c no.0262810000001-ആയി പഞ്ചായത്ത് തനത് ഫ സൂക്ഷിക്കുന്നുണ്ട്. തനത് ഫണ്ട് സൂക്ഷിക്കാൻ ഒറ്റ അക്കൗണ്ട് മാത്രമേ പാടു എന്ന സർക്കാർ ഉത്തരവിനു് വിരുദ്ധമായ നടപടിക്രമമാണിത്. 58 എഫ്.എം.3.2008/ത.സ്വ.ഭ.വ. 26/5/11 പ്രകാരം തനത് വരുമാനം സൂക്ഷിക്കുവ ട്രഷറി അക്കൗണ്ടിനുപുറമെ, ദേശ സാൽകൃത ബാങ്കിലോ സഹകരണബാങ്കി ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം. ഇപ്രകാരം ഒന്നിലധികം ബ അക്കൗണ്ടുകൾ വർഷങ്ങളായി നിലനിർത്തി പോരുന്നത് ശരിയായ നടപടിയ അപാകത പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ

പാറക്കടവ് ഗ്രാമപഞ്ചായത്തിൽ 2015-16 ഓഡിറ്റ് വർഷം തൊഴിൽ നികു പിരിവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഏത് അർദ്ധവർഷം |
|---|---|---|
| 1 | ഡിവൈൻ ഹെൽത്ത് ക്ളിനിക്ക് | രണ്ട് അർദ്ധവർഷവും |
| 2 | BSNL പാറക്കടവ് | രണ്ട് അർദ്ധവർഷവും |
| 3 | വീഗാർഡ് ഇൻഡസ്ട്രീസ് പുളിയിനം | രണ്ട് അർദ്ധവർഷവും |
| 4 | മണപ്പുറം ഫിനാൻസ് കുറുമശ്ശേരി | രണ്ട് അർദ്ധവർഷവും |
| 5 | KSFE പാറക്കടവ് | രണ്ട് അർദ്ധവർഷവും |
| 6 | സപ്ളൈകോ സൂപ്പർമാർക്കറ്റ് കുറുമശ്ശേരി | രണ്ട് അർദ്ധവർഷവും |
| 7 | പാറക്കടവ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ വിവിധ ശാഖകൾ | രണ്ട് അർദ്ധവർഷവും |
| 8 | എളവൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ വിവിധ ശാഖകൾ | രണ്ട് അർദ്ധവർഷവും |
| 9 | KSEB പെരുമ്പാവൂർ ഡിവിഷൻ | രണ്ട് അർദ്ധവർഷവും |
| 10 | KSEB ചാലക്കുടി ഡിവിഷൻ | രണ്ട് അർദ്ധവർഷവും |
| 11 | ആയുർ ജ്യോതി ഔഷധശാല പുളിയിനം | രണ്ട് അർദ്ധവർഷവും |
| 12 | EDCB കുറുമശ്ശേരി | രണ്ട് അർദ്ധവർഷവും |

2)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഓഡിറ്റ് വർഷം ഡിമാന്റ് ചെ ഈടാക്കിയിട്ടില്ല

| ക്രമ നം | പേര് | സ്ഥാപനം | ഏത് അർദ്ധവർഷം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബാബു എം.എ. അസിസ്റ്റൻറ് | SBI പുളിയനം | രണ്ട് അർദ്ധവർഷവും |
| 2 | രമേഷ് എം.ബി. ഗാർഡ് | SBIപുളിയനം | രണ്ട് അർദ്ധവർഷവും |
| 3 | തോംസൺ പി.ടി. ഗാർഡ് | SBI മൂഴിക്കുളം | രണ്ട് അർദ്ധവർഷവും |

മുകളിൽ പറഞ്ഞിരിക്കുന്ന മൂന്നു വ്യക്തികളിൽ നിന്നും തൊഴിൽനികു വാങ്ങാത്തത് അവർ വിമുക്ത ഭടൻമാർ ആയതുകൊണ്ടാണെന്നു ബന്ധ ക്ളാർക്ക് അറിയിക്കുകയുണ്ടായി. എന്നാൽ വിമുക്ത ഭടൻമാർക്കു തൊഴ നികുതി ഇളവ് ചെയ്യിട്ടില്ലാത്തതിനാൽ മുകളിൽ പറഞ്ഞിരിക്ക വ്യക്തികളിൽനിന്നും തൊഴിൽ നികുതി ഈടാക്കാൻ അടിയന്തിര നടപടിക സ്വീകരിക്കേണ്ടതാണ്.

3)കരാർ ജോലിക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്തിൽ ഓഡിറ്റ് വർഷം വിവിധ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ള ദിവസത്തിൽ കുറയാതെ) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേല്പറഞ്ഞ നികുതികൾ പിരിച്ചെടുക്കുന്നതിന് സത്വര നടപ സ്വീകരിക്കേണ്ടതാണ്.

## 2-3 വാർഡുതലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല

പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ അക്കൗണ്ട് പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിനു മുൻ വർഷം സ്ഥാപ തൊഴിൽനികുതി കുടിശ്ശികയിനത്തിൽ 55430/-രൂപ പിരിഞ്ഞു കിട്ടുവാനുണ്ടെ കാണുന്നു. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്ത് പരിപാലിക്കാത്തതിനാൽ പഞ്ചായത്തിലുള്ള എല്ലാ സ്ഥാപനങ്ങളെ ക്കുറിച്ച് വ്യക്തമായ ധാരണ പഞ്ചായത്തിനു ലഭ്യമല്ല. ആയതിനാൽ ഓരോ വർഷ പഞ്ചായത്തിൽ പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങളെക്കുറിച്ച് അവസാനിപ്പിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ പഞ്ചായത്ത് ലഭിക്കുന്നതിന് വാർഡു തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ പരിപാലിക്ക ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിനു ലഭ്യമാകാനു മുൻവർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക അടിയന്തിരമാ ഈടാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ

പാറക്കടവ് ഗ്രാമപഞ്ചായത്തിൽ 2015-16 ഓഡിറ്റ് വർഷം വസ്തു നികു പിരിവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തു.

താഴെപ്പറയുന്ന വ്യക്തിയുടെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഡിമാന്റ് ചെ

| അസസ്സ്മെന്റ് രജിസ്റ്റർ ക്രമനം. | വാർഡ്നം. കെട്ടിടനം. | പേര് | വിസ്തീർണ്ണം/ ഉപയോഗം | ഈടാക്കിയത് | ഈടാക്കേണ്ടത് | ബാക്കി ഈടാക്കേ നുള്ളത് |
|---|---|---|---|---|---|---|
| 15 | 5-407 2-3<br>6-253a | രമേശൻ<br>s/o<br>രാമൻനായർ<br>ചൂണ്ടാണി(h)<br>വട്ടപ്പറമ്പ് | 357.35m2<br>സൂപ്പർമാർക്കറ്റ് | 357.35*50<br>=17868<br>17868*35%<br>=6254<br>17868+6254<br>=24122<br>L.C=24122*5%<br>=1207<br>rtno.11501104212<br>dtd2/2/2016 | 357.35*70<br>=25015<br>25015*35%<br>=8755<br>25015+8755<br>=33770<br>L.C=<br>33770*5%<br>=1689 | വസ്തുനികു<br>=9648<br>L.C.=482 |

മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിലാണ് വസ്തുനികുതി ഈടാക്കേണ്ടത്. എന്നാ ഈ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 2/2/2016-ൽ ആയതിനാൽ 2015-16 രണ്ട അർദ്ധ വർഷത്തിലെ നികുതിയേ ടിയാനിൽ നിന്നും പഞ്ചായത്തിനു് ഈടാക്ക സാധിക്കുകയുള്ളൂ. അതായത് വസ്തുനികുതിയായി 16885/-രൂപയ ലൈബ്രറിസെസ്സ് 845/-രൂപയും മാത്രമേ ഓഡിറ്റ് വർഷം ടിയാനിൽ നിന്ന ഈടാക്കേണ്ടതുള്ളൂ. വസ്തുനികുതിയായി അധികം വാങ്ങിയ 7237/- രൂപയ ലൈബ്രറിസെസ്സായി അധികം വാങ്ങിയ362/-രൂപയും 2016/17 വർഷത്തേയ്ക്കു മുൻകൂറായി പരിഗണിക്കേണ്ടതും, മുകളിൽ കോളത്തിൽ പറഞ്ഞിരിക്കു നിരക്കിൽ (ഈടാക്കേണ്ടനികുതി) വസ്തുനികുതി 2016-17 വർഷത്തേ പുന:ക്രമീകരിക്കേ- ണ്ടതും, ഡിമാന്റ് ചെയ്യേണ്ടതുമാണ്.

2)വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

പാറക്കടവ് ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി കുടിശ്ശികയുമായി ബന്ധ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| മുൻ വർഷ കുടിശ്ശിക | 785393.45 |
| ഓഡിറ്റ് വർഷത്തെ കുടിശ്ശിക | 820112.00 |
| ആകെ കുടിശ്ശിക | 1605505.00 |

ഇപ്രകാരം വസ്തുനികുതി കുടിശ്ശിക നിലനിൽക്കെ, കുടിശ്ശിക ഡിമാൻഡ് രജിസ്റ്റ പഞ്ചായത്തിൽ പരിപാലിക്കാത്തത് ഉത്തരവാദിത്തപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ഗൗരവതരമായ കൃത്യ വിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു

3)മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

| കെട്ടിടനം/ പഴയത്/ പുതിയത് | പേര്/വിലാസം | വിസ്തീർണ്ണം/ നിരക്ക് | കുടിശ്ശികവർഷം | ആകെകുടിശ്ശിക |
|---|---|---|---|---|
| 2/47 a/ , 16/439 a | വോഡാഫോൺ, മാത്തൻസ്കയർ,ekm | 8.2 m2 @500 /m2 | 8 വർഷം | 32800 |
| 2/353 a, 16/302a | ഐഡിയ, സെല്ലുലാർ ltd രവിപുരം,കൊച്ചി | 7.5m2 @500/m2 | 2 | 7500 |
| 9/37 b, 7/48 a | M.S.ഇന്ത്യ,ടെലികോം ltd, കാക്കനാട് | 5 m2 @500/m2 | 5 | 32625 |
| 10/58 b, 13/89 e | ഇൻഡസ് ട്രവേഴ്സ്, കുണ്ടന്നൂർ, മരട് | 3 m2 @500/m2 | 3 | 19050 |
| 7/133 a,10/361 b | റിലയൻസ് കമ്മ്യൂണിക്കേഷൻസ്, സഹോദരൻ അയ്യപ്പൻ റോഡ്, കടവന്ത്ര | 2 m2 @500/m2 | 2 | 8200 |
| ആകെ | | | | 100175 |

ഈടാക്കാനുള്ള വസ്തു നികുതി അടിയന്തിരമായി ഈടാക്കേണ്ടതാണ്.

## 2-5 വാടക കുടിശ്ശിക ഈടാക്കിയില്ല.

പാറക്കടവ് ഗ്രാമപഞ്ചായത്തിൽ വാടകയ്ക്ക് നൽകുന്നത് താഴെപ്പറയുന്ന ഹാളു മുറികളുമാണ്.

| | |
|---|---|
| കമ്മ്യൂണിറ്റിഹാൾ | 1- കുറുമശ്ശേരി |
| ഷോപ്പിങ് കോംപ്ളക്സ് മുറികൾ (പഴയത്) | 8 |
| ഷോപ്പിങ്,കോംപ്ളക്സ് മുറികൾ (പുതിയത്)) | 4 |

2015-16 വർഷം 12 മുറികളിൽ 11 എണ്ണം മാത്രമേ വാടകയ്ക്ക് നൽകിട്ടു വാടകകുടിശ്ശികയായി 24162/-രൂപ നിലനിന്നിരുന്നു. ഈ തുക 2016-17 വർ പിരിച്ചെടുത്തിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്താൻ സാധിച്ചു. എന്ന പഞ്ചായത്തിൽ 2014-15 വർഷം വാടക കുടിശ്ശികയിനത്തിൽ 34000/-രൂപ ഇനി പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നു. ഈ തുക പിരിച്ചെടുക്കാൻ യാതൊരു നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. കുടിശ്ശിക നിൽക്കുന്നവരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് നിന്നോ, മറ്റ് നടപടികൾ സ്വീകരിച്ചോ വാടക കുടിശ്ശിക ഈടാക്കാൻ അടിയന്ത നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 മെഡിക്കൽ ഓഫീസറുടെ (ആയുർവ്വേദം) പ്രോജക്ടിലെ അപാകത

പാറക്കടവ് ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ (ആയുർവ്വേ
നിർവ്വഹണം നടത്തിയ പ്രോജക്ടാണ് ആശുപത്രിയിലേയ്ക്കു മരുന്നു വാങ്ങ
450000/- രൂപയ്ക്കുള്ള മരുന്നു ഔഷധിയിൽ നിന്ന് വാങ്ങാനാണ് പ്രോജക്ട്. പ്രോ
സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവ്വേദ ആശുപത്രിയിലേയ്ക്കു മരുന്നു വാങ്ങൽ |
| പ്രോജക്ടിന്റെ നം. | Soo37/16 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| അടങ്കൽ | 450000/-രൂപ |
| ചെലവ് | 450000/-രൂപ |
| ചെലവ് രേഖ | ബിൽനം.2/15-16 തുക 177808 തീ.1/12/2015<br>ഡി.ഡി.നം.440586 തുക 177808 തീ.1/12/2015(ഔഷധി)<br>ബിൽനം.4/15-16 തുക 272192 തീ.25/1/2016<br>ഡി.ഡി.നം.445459 തുക 272192 തീ.25/1/2016(ഔഷധി) |
| വിഭാഗം | മെയിന്റനൻസ് ഫണ്ട് റോഡിതരം |

ഗവൺമെന്റ് ഉത്തരവ് (M.S)നം.71/2008ത.സ്വ.ഭ.വ.തീയ്യതി 12/3/2008 പ്രകാ
സംരക്ഷണഗ്രാന്റ് റോഡിതരത്തിൽനിന്നും അലോപ്പതി/ആയുർവേ
ആശുപത്രികളിലേയ്ക്ക് മരുന്നുകൾ വാങ്ങുമ്പോൾ ഫണ്ടിനത്തിൽ ലഭ്യമാ
തുകയുടെ 10% മാത്രമേ ഉപയോഗിക്കാവൂ എന്നു പ്രത്യേകം വ്യവസ്ഥ ചെയ്യുന്നു
2015/16 ഓഡിറ്റ് വർഷം സംരക്ഷണഗ്രാന്റ് റോഡിതരത്തിൽ പഞ്ചായത്ത
ആകെ ലഭിച്ചത് 3120000/-രൂപയാണ്. ഇതിന്റെ 10% എന്നത് 312000/-രൂപ മാത്രമാ
ആയുർവ്വേദ ആശുപത്രിയിലേയ്ക്കു മരുന്നു വാങ്ങാൻ ചെലവഴിച്ചതാകട്ടെ 5000
രൂപയും. പദ്ധതി രൂപീകരണ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 188000/-രൂ
കൂടുതലായി ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-2 ആശ്രയ - അർഹരായവർക്കുമാത്രം ആനുകൂല്യം നൽകേണ്ടതാണ്.

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ബിൽ നമ്പർ 9/20.11.15 പ്രകാ 142200 രൂപ ആശ്രയ പദ്ധതിക്കായി സിഡിഎസിന് നൽകിയിട്ടുണ്ട്. ആശ്ര ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുകയാണ് ചെയ്തിരിക്കുന്നത്. 2005-ല ലും അതിനുശേഷവും തയ്യാറാക്കിയ സർവ്വേ ലിസ്റ്റ് പ്രകാരമുണ്ടായിരു ഗുണഭോക്താക്കളിൽപ്പെട്ടവർ ഇപ്പോഴും ആനുകൂല്യം കൈപ്പറ്റുന്നുണ്ട്. ഇത് പലരുടെയും ജീവിതനിലവാരം വ്യത്യാസം വന്നിട്ടുണ്ട്. ഇപ്രകാരം ഉയർ നിലവാരത്തിലുള്ളവരെ ലിസ്റ്റിൽനിന്നും ഒഴിവാക്കി അർഹരായവർക്കു മാത്ര ആനുകൂല്യം നൽകേണ്ടതാണ്.

## 3-3 പുളിയനം കുന്ന് ഐഎച്ച്ഡിപി കുടിവെള്ളപദ്ധതി - എസ്റ്റിമേറ്റും ബില്ലും പ്രകാരമുള്ള വേലകൾ ചെയ്തിട്ടില്ല.

പുളിയനം കുന്ന് ഐഎച്ച്ഡിപി കുടിവെള്ളപദ്ധതി മോട്ടോർ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ എസ് 177/16 )

കൺവീനർ. ശ്രീ കെ.വി. മോഹനൻ, കുഴുപ്പിള്ളി വീട്, പുളിയനം

ബിൽ നം. 34/20.3.16, കൺവീനർക്ക് നൽകിയത് - 271811/- (ഡിഡി നം.144291/25.4.16)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 300000 രൂപ ചെലവിൽ പുളിയനം കു ഐഎച്ച്ഡിപി കുടിവെള്ള പദ്ധതിയുടെ നിലവിലുണ്ടായിരുന്ന മോട്ടോർ മ സ്ഥാപിച്ചിട്ടുണ്ട്. ശ്രീ സി.ഡി. ശ്രീധരൻ നായർ (റിട്ട. അസി. എഞ്ചിനീയർ പി ഡബ് ഡി, പാനൽ എഞ്ചിനീയർ, (ഇലക്ട്രിക്കൽ) ജില്ലാ പഞ്ചായത്ത് എറണാകു എസ്റ്റിമേറ്റ് തയ്യാറാക്കുകയും ശ്രീ കെ.എസ് അലിയാർ, (റിട്ട. അസി. എഞ്ചിനീയ കെഎസ്ഇബി, പാനൽ എഞ്ചിനീയർ,(ഇലക്ട്രിക്കൽ) ജില്ലാ പഞ്ചായ എറണാകുളം) ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് 145000 രൂപയുടെ ആകാശ് / കിർലോസ്കർ / തത്തുല്ല്യമായ 25 HP ഓപ്പൺ വെ സബ്മെഴ്സിബിൾ പമ്പ് സ്ഥാപിക്കുകയാണ് ഇനം 1 പ്രവൃത്തി. ചെയ്തിരിക്കു പ്രവൃത്തിയും എം ബുക്ക് പേജ് 1 പ്രകാരവും(എം ബുക്കിന് നമ്പർ ഇല്ല) ബി പ്രകാരവും ഇനം 1ആയ 145000 രൂപയുടെ ആകാശ് / കിർലോസ്കർ / തത്തുല്ല്യമായ HP സബ്മെഴ്സിബിൾ പമ്പ് സ്ഥാപിക്കുക എന്നത് തന്നെയാണ്. ഈ പ്രോജ നടപ്പാക്കിയതിലെ അപാകത താഴെ ചേർക്കുന്നു.

1) ഏത് പമ്പ് സെറ്റ് ആണ് സ്ഥാപിച്ചിരിക്കുന്നതെന്ന് എം ബുക്കിലും ബില്ലി ചേർത്തിട്ടില്ല. സ്ഥാപിച്ച പമ്പ് സെറ്റിന്റെയും മറ്റ് ഉപകരണങ്ങളുടെയും ഇൻവോ വില, വാറന്റി കാർഡ് എന്നിവ ഫയലിൽ ഇല്ല. കൺവീനർ വർക്ക് ആയതിനാ വാങ്ങിയ സാധനങ്ങളുടെ ഇൻവോയ്സുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) നിലവിൽ ഉണ്ടായിരുന്ന പമ്പ് സെറ്റ് മാറ്റിയാണ് പുതിയത് സ്ഥാപിച്ചിരിക്കുന്ന എന്നാൽ എസ്റ്റിമേറ്റിലും ബില്ലിലും മീറ്ററിംഗ് ക്യൂബിക്കിൾ & പാനൽ ബോർ എന്ന ഇനത്തിൽപ്പെടുത്തി ആകെ 83399 രൂപയുടെ പ്രവൃത്തിയും മോട്ടേ കൺട്രോൾസ് എന്ന ഇനത്തിൽ 59603 രൂപയുടെ പ്രവൃത്തിയും കൂടി ചെയ്തിട്ടു ഏതാണ്ട് മുഴുവനായും പുതിയ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ത

ചെയ്തിരിക്കുന്നതായി കാണുന്നു. എന്നാൽ നേരിട്ടുള്ള സ്ഥലപരിശോധനയ് നിലവിലുണ്ടായിരുന്ന പഴയ ഫിറ്റിംഗ്സുകൾ മാറ്റിയിട്ടുള്ളതായി കാണുന്ന് ഇതിന്റെ മെറ്റീരിയൽസ് വാങ്ങിയതിന്റേയും രേഖകൾ ഇല്ല. ഈ വേല ചെ മെഷർ ചെയ്തത് ശ്രീ കെ.എസ് അലിയാർ ആണ്. എന്നാൽ കൃത്യമായ രീതിയ് ഇതു ചെയ്തോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയത് ഉറപ്പുവരുത സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

3) ബില്ലിൽ ക്രമനം 5 ആയി ഒന്നിന് 4200 നിരക്കിൽ ആകെ 16800 രൂപയുടെ : എൽഇഡി സ്ട്രീറ്റ് ലൈറ്റ് 4 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. 20.12.16 – ൽ ബന്ധപ്പെട്ട വാർ മെമ്പർ ശ്രീ ഇ.എസ് നാരായണന്റെയും ഓവർസിയർ ശ്രീമ പി.എ.ജമീലയുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയ് ഇപ്രകാരം എൽഇഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെ മോട്ടോർ ഷെഡിനുള്ളിൽ മുൻപേ സ്ഥാപിച്ചിരിക്കുന്ന 3 പഴയ, സാധാരണ റ്റ്യൂ ലൈറ്റ് മാത്രമാണുള്ളത്. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 16 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ ( സി.ഡി. ശ്രീധരൻ നായരിൽ നിന്നോ ചെക്ക് മെഷർ ചെയ്ത ശ്രീ കെ.എ അലിയാരിൽ നിന്നോ സെക്രട്ടറി ഈടാക്കേണ്ടതാണ്.

4) ആകെ എസ്റ്റിമേറ്റ് തുകയായ 300000 രൂപയുടെ 2% ആയ 6000 രൂപ എസ്റ്റിമേ തയ്യാറാക്കിയ ശ്രീ സി.ഡി. ശ്രീധരൻ നായർക്ക് നൽകിയിട്ടുണ്ട് (ഡിഡി ( 144290/25.4.16) . എന്നാൽ ജിഒ (എം എസ്) 31/98,തസ്വഭവ. 13.2.98 പ്രകാരം ടിയാൾ നൽകാവുന്ന തുകയുടെ വിവരം താഴെചേർക്കുന്നു.

അടങ്കൽ തയ്യാറാക്കുന്നതിന് പരമാവധി - 200 രൂപ

പൂർണ്ണമായ മേൽനോട്ടം, അളവെടുക്കൽ,

ബിൽ തയ്യാറാക്കൽ - അടങ്കലിന്റെ 1.5% - 4500രൂപ

ആകെ നൽകാവുന്നത് - 4700 രൂപ

നൽകിയ തുക – 6000/-

അധികം നൽകിയ 1300 രൂപ തുക കൈപ്പറ്റിയ ശ്രീ ശ്രീധരൻനായരിൽന് തിരികെ ഈടാക്കേണ്ടതാണ്. എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിലാ എസ്റ്റിമേറ്റ് തയ്യാറാക്കിയാൾക്ക് കമ്മീഷൻ നൽകുക. അധികമായി എസ്റ്റിമേ ഉണ്ടാക്കിയതിനാൽ ചെയ്യാതിരുന്നവേലക്ക് ആനുപാതികമായി കമ്മീഷൻ കുറ ചെയ്യേണ്ടതാണ്.

5) ഈ പ്രവൃത്തി നടപ്പാക്കിയിരിക്കുന്നത് ഗുണഭോക്തൃസമിതി മുഖേനയാ ഗുണഭോക്തൃസമിതി വഴി പ്രവൃത്തി നടപ്പാക്കുമ്പോൾ 10 ഗുണഭോക്തൃവിഹിതം ഈടാക്കുകയോ അല്ലെങ്കിൽ ഫൈനൽ ബില്ലിൽ ആ കുറക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ഗുണഭോക്തൃവിഹി ഈടാക്കിയിട്ടുമില്ല ബില്ലിൽ കുറക്കുകയും ചെയ്തിട്ടില്ല. ആ

ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുവാൻ വേണ്ട നടപ
സ്വീകരിക്കേണ്ടതാണ്.

6) സ്ഥാപിച്ച പമ്പ് സെറ്റിന്റെ ഇൻവോയ്സ്, വാറന്റി കാർഡ്, മറ്റ് ഐറ്റ
വാങ്ങിയതിന്റെ ഇൻവോയ്സ് മുതലായ യാതൊരു രേഖകളും ഹാജരാക്കാ
സാഹചര്യത്തിൽ ആകെ ചെലവാക്കിയ 300000 രൂപയിൽ നിരാകരിച്ച 18100 ര
കിഴിച്ച് ബാക്കി 281900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മാറ്റിയ പഴയ മോട്ടോർ ലേലം ചെയ്ത് പഞ്ചായത്തിലേക്ക് മുതൽകൂട്ടാനു
നടപടികളും സ്വീകരിക്കേണ്ടതാണ്. സാങ്കേതിക പരിജ്ഞാനം ആവശ്യമാ
വേലകൾ നടത്തുമ്പോൾ സാങ്കേതിക പരിജ്ഞാനം ഉള്ളവരെ നിർവ്വഹ
ഏല്പിക്കേണ്ടതാണ്.

## 3-4 എളവൂർ മാമ്പ്ര LPS അറ്റകുറ്റപ്പണി, അപാകത

പ്രോജക്ട് നം. -104/2016

കരാറുകാരൻ -സോജോ ജോസഫ്

എം.ബുക്ക് - 75/15-16

ബിൽ നം. - 77/15-16 =242083/-

മാമ്പ്ര LPS-ൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെയിറ്റിങ് 
നിർമ്മിക്കുന്നതിനായി 50 mm dia metre G.I. പൈപ്പ് ഉപയോഗിച്ച് പോ
സ്ഥാപിച്ചതിനും ട്രസ്സ് വർക്കിനുമായി 400.87 kg. Hollowpipe-ന് 143.10 രൂപ കി
നിരക്കിൽ 57364/-രൂപ നൽകിയിട്ടുണ്ട്. ഇനം(1) 50mm dia പൈപ്പിന്റെ ഒരു മീറ്ററിന്
തൂക്കം 2.67kg.എന്നു കണക്കാക്കിയാണ്(estimate & M Bo
എടുത്തിരിക്കുന്നത്.എന്നാൽ യഥാർത്ഥത്തിൽ 50mm dia G.I.പൈപ്പിന്റെ ഭാരം 6
മീറ്ററിനു 2 kg.മാത്രമാണ്. 60mm പൈപ്പിന്റെ ഭാരമാണ് 2.65 kg./മീറ്റർ. ആയതിനാ
ഈ ഇനത്തിനു അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന

നൽകിയത് -50mm dia G.I പൈപ്പ്

36metre*@2.67 =96.12*143.10=13755/-

നൽകാവുന്നത് - 50mm dia G.I പൈപ്പ്

36 metre*@ 2kg = 72*143.10 = 10303/-

അധികം നൽകിയത് = 3452/-

അധികം നൽകിയ 3452/-രൂപ കരാറുകാരനിൽനിന്നോ /ഉത്തരവാദിയായ
എൻജിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5 അങ്കണവാടി അറ്റകുറ്റപ്പണി - നഷ്ടം 4090/-

ഈ പ്രവൃത്തിയുടെ പ്രവൃത്തിയിനമായ ട്രസ്സ് വർക്ക് സ്റ്റീൽ (round, square, recha hollow tube ഉപയോഗിച്ച്) DSR (10.16.1) ഒരു കിലോഗ്രാമിന് 143.10/-രൂപ നിരക്ക് 2061.19 കിലോയ്ക്ക് 294956/-രൂപ നൽകിയിട്ടുണ്ട്.

50mm ഡയമീറ്ററുള്ള പൈപ്പുകൾ ഉപയോഗിച്ച് പോസ്റ്റ് സ്ഥാപിച്ചതിന് ഒരു മീ പൈപ്പിന് 2.67kg/m തൂക്കം കണക്കാക്കിയാണ് (estimate & M Book) ബ തയ്യാറാക്കിയിരിക്കുന്നത്. സാധാരണ 60mm dia പൈപ്പിന്റെ തൂക്കമാണ് 1 മീറ്റ 2.65kg/m കണക്കാക്കുന്നത് . 50mm ഡയമീറ്ററിന് 1മീറ്ററിന് 2kg/m മാത്രമാ കണക്കാക്കേണ്ടത്.

a) <u>അങ്കണവാടി 65</u>

50mm dia pipe

നൽകിയത് 19.40 m@2.67=51.80 kg

നൽകാവുന്നത് 19.40m@ 2 =38.80kg

അധികം നൽകിയത് = 13kg

b) <u>അങ്കണവാടി 67</u>

50mm dia pipe

നൽകിയത് 20 m@2.67=53.4 kg

നൽകാവുന്നത് 20 m@ 2 =40 kg

അധികം നൽകിയത് = 13.4kg

C) <u>അങ്കണവാടി 49</u>

50mm dia pipe

നൽകിയത് 19.30 m@2.67=51.53kg

നൽകാവുന്നത് 19.30 m@ 2 =38.6 kg

അധികം നൽകിയത് = 12.93kg

ആകെ അധികം നൽകിയത് (13+13.4+12.93 =39.33kg)

ഇപ്രകാരം ഒരു കിലോഗ്രാമിന് 143.10 പ്രകാരം 39.33 കി.ഗ്രാമിന് 4090/- അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

## 3-6 ടെണ്ടറിൽ നിരക്ക് രേഖപ്പെടുത്താത്തയാൾക്ക് കരാർ ഉറപ്പിച്ച നൽകി

1. 2014-15 വർഷത്തിൽ തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് കര നൽകിയിരുന്നത് ശ്രീ റോയ് വർഗീസ്, മാനാച്ചേരി, വട്ടപ്പറമ്പ് എന്നയാൾക്കാ 8.1.15 – ലാണ് ടിയാൻ കരാർ ഒപ്പിട്ടിരിക്കുന്നത്. ആയതിന്റെ ചെ നടത്തിയിരിക്കുന്നത് 2015-16 വർഷത്തിലാണ്.

പ്രോജക്റ്റ് നം. 120/16 എന്ന തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനു AMC പ്രോജക്ടിന് ആകെ 662662 രൂപയും പ്രോജക്റ്റ് നം. 7/16പ്രകാരം 269565 രൂപ (ആദായനികുതി കുറച്ചതിനുശേഷം) 2015 – 16 വർഷത്തിൽ ചെലവാക്കിയിട്ടു കരാർ ഉറപ്പിച്ചു നൽകിയ ശ്രീ റോയ് വർഗീസ് സമർപ്പിച്ച ടെണ്ടറിൽ എസ്റ്റി നിരക്കിന്റെ 10.2% കുറവ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രോജക്ടിന്റെ ടെണ്ടർ ഷെഡ്യൂളിൽ നിരക്കുകളൊന്നും രേഖപ്പെടുത്തിയിട്ട് ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്താത്ത സാഹചര്യത്തിലും കരാറുകാ സമർപ്പിച്ച ടെണ്ടറിൽ ഓരോ ഇനത്തിനും നിരക്ക് രേഖപ്പെടുത്താ സാഹചര്യത്തിലും 10.2% ടെണ്ടർ കുറവ് എന്ന് രേഖപ്പെടുത്തിയ ശ്രീ റോ വർഗീസിന് കരാർ ഉറപ്പിച്ച് നൽകിയത് ഗുരുതരമായ ചട്ടലംഘനമാണ്. ഇതിന് ടാബുലേഷൻ സ്റ്റേറ്റ്മെന്റിലും നിരക്കുകൾ രേഖപ്പെടുത്താതെ 10.2% ടെ കുറവ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടിയാൾക്ക് ഓരോ ഇ വിളക്കുകൾക്കും എപ്രകാരമാണ് നിരക്ക് കണക്കാക്കി ത നൽകിയിരിക്കുന്നതെന്നും ആയതിന്റെ മാനദണ്ഡവും വ്യക്തമാക്കിയിട്ടില്ല.

a) ടിയാന് തൻവർഷം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| വൗച്ചർ നമ്പർ /ചെക്ക് നമ്പർ തീയതി | ആകെ നൽകിയ തുക | 10.2% ടെണ്ടർ കുറവ് ചെയ്യേണ്ടത് |
|---|---|---|
| 2912003/ 15.7.15 | 377350 | 38490 |
| 51500682/ 15.11.15 | 298975 | 30495 |
| 21501256 /31.3.16 | 275123 | 28063 |
| ആകെ ടെണ്ടർ കുറവ് ചെയ്യേണ്ടത് | 951448 | 97048 |

**<u>നിരക്കുകൾ</u>** രേഖപ്പെടുത്തിയിരുന്നില്ലെങ്കിലും 10.2% ടെണ്ടർ ബിലോ എ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ, കരാറുകാരന് ത നൽകിയപ്പോൾ ആയത് കുറവ് ചെയ്യേണ്ടതായിരുന്നു. അപ്രകാരം കു വരുത്താതെയാണ് മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരം കരാറുകാരന് ത അനുവദിച്ച് നൽകിയത്. ആയതിനാൽ ആകെ നൽകിയ 951448രൂപയുടെ 10

ആയ 97048 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക
പ്രസ്തുത തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

b) തുക നൽകിയതിൽ മുകളിലെ ടേബിളിൽ കാണിച്ചിരിക്കുന്ന ആദ്യത്തെ വൗച്ചർ പ്രകാരം തയ്യാറാക്കിയിരിക്കുന്ന നിരക്കിലല്ല പിന്നീടുള്ള നിരക്കുകൾ. നിരക്കുകൾ തമ്മിലുള്ള വ്യത്യാസം താഴെ ചേർക്കുന്നു.

.

| ഇനം | 2912003/ 15.7.15നമ്പർ വൗച്ചർ പ്രകാരം നൽകിയിരിക്കുന്ന നിരക്ക്(അപേക്ഷാ തീയതി 15.5.15) | എണ്ണം | പിന്നീടുള്ള വൗച്ചറുകൾ പ്രകാരം നൽകിയിരിക്കുന്ന നിരക്ക് | നിരക്ക് വ്യത്യാസം | ആദ്യ വൗച്ചർ പ്രകാരം അധികം നൽകിയ തുക |
|---|---|---|---|---|---|
| റ്റ്യൂബ് സെറ്റ് | 695 | 522 | 643 | 52 | 27144 (52 x 522) |
| സിഎഫ് എൽ | 470 | 17 | 449 | 21 | 357 (21 x 17) |
| സോഡിയം വേപ്പർ ലാംപ് | 1295 | 4 | 1220 | 75 | 300 (75 x 4 |
| ആകെ അധികം | | | | | 27801 |

ഏറ്റവും ആദ്യം നൽകിയ തുക കൂടിയ നിരക്കിലും പിന്നീട് കുറഞ്ഞ നിരക്കിലുമാണ്. ഏതു നിരക്കിലാണ് ടെണ്ടർ ഉറപ്പിച്ചുനൽകിയത് എ വ്യക്തമല്ലാത്ത സാഹചര്യത്തിലും രണ്ടാമത്തെ ടെണ്ടറുകാരന്റെ നിരക്ക് 2912( 15.7.15 നമ്പർ വൗച്ചർ പ്രകാരം നൽകിയിരിക്കുന്ന നിരക്കിനേക്കാ കുറഞ്ഞതായതിനാലും മേൽപ്പറഞ്ഞപ്രകാരം കണക്കാക്കിയിരിക്കുന്ന അധി നൽകിയ തുക 27801 രൂപ തുക അനുവദിച്ച സെക്രട്ടറിയിൽ നിന ഈടാക്കേണ്ടതാണ്. (നൽകിയ തുക സംബന്ധിച്ചും നിരക്കുകൾ സംബന്ധി ഓഡിറ്റ് തെളിവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.) ആകെ അധികം നൽകി തുക 124849 രൂപ (97048+27801)

കരാറുകാരനിൽനിന്നും തിരികെ ഈടാക്കാത്തപക്ഷം സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

കരാർ ഉടമ്പടി ഖണ്ഡിക 17 പ്രകാരം അറ്റകുറ്റപ്പണികൾ സംബന്ധിച്ച് പരാ രേഖപ്പെടുത്തുന്നതിനായുള്ള രജിസ്റ്റർ തദ്ദേശസ്വയംഭരണ സ്ഥാപനത്ത് സൂക്ഷിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു രജിസ്

തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പോസ്റ്റ് നമ്പർ ടൈപ്പ് ചെയ്ത പേപ്പറിൽ മെമ്പർമ ഒപ്പിടുക മാത്രമാണ് ചെയ്തിരിക്കുന്നത്. ആയതുപ്രകാരം ത അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

എസ് ഒ120/16 പ്രകാരം 15-16 വർഷത്തിൽ തെരുവു വിളക്കുകൾ അറ്റകുറ്റപ്പ നടത്തുന്നതിനുള്ള AMC ശ്രീ റോയ് വർഗീസ് എന്നയാൾക്ക് തന്നെയാ നൽകിയിട്ടുള്ളത്. എന്നാൽ ഇതുസംബന്ധിച്ച് ടെണ്ടർ ക്ഷണിച്ചിട്ടില്ല. 14-1-2016 -ലെ 8(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ടിയാൾക്ക് കരാർ നൽകുകയും 22-2-16 -ലെ 45-ാം നമ്പർ തീരുമാനപ്രകാരം ആയത് നീട്ടിനൽകുകയുമാണ് ചെയ്തിരിക്കുന്ന ഇതിലും നിരക്ക് സംബന്ധിച്ച് തീരുമാനങ്ങളൊന്നുമില്ല.നിരക്ക് വ്യക്തമാക്കാ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരാർ ഉറപ്പിച്ചു നൽകിയ വ്യക്തമായ ചട്ട ലംഘനമാണ്.

## 3-7 കക്കൂസ് നിർമാണം -തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

2012-13,13-14 കാലഘട്ടങ്ങളിൽ SC ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി കേന്ദ്രവിഹിതമായി ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതു മൂലം 22069 രൂപ വി.ഇ.ഒയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു.

ടി തുക പലിശ സഹിതം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതും വിവര ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-8 ടെലിഫോൺ ചാർജ്ജു - ലേറ്റ് ഫീ

ടെലിഫോൺ ബില്ലുകളിൽ ലേറ്റ് ഫീ അടയ്ക്കുന്നത് അംഗീകരിക്കുന്നില്ല

പാറക്കടവ് ഗ്രാമപഞ്ചായത് P.H.C മെഡിക്കൽ ഓഫീസർ 2015-16 സാമ്പത്തികവർഷ അടച്ച ടെലിഫോൺ ചാർജുകളിൽ ലേറ്റ് ഫീ ഉൾപ്പെട്ടിട്ടുള്ളതാണ് വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ബിൽ നമ്പർ / തിയതി | തുക | അധികതുക |
|---|---|---|---|
| 1 | 430132819/6.3.15 | 1332 | 25 |
| 2 | 445249420/6.5.15 | 1240 | 24 |
| 3 | 446545030/6.6.15 | 1450 | 22 |
| 4 | 452776409/6.7.15 | 1450 | 24 |
| 5 | 460627811/25.8.15 | 1285 | 23 |
| 6 | 46503969/8.9.15 | 1207 | 22 |
| 7 | 473820259/27.10.15 | 1159 | 21 |
| 8 | 477888360/6.11.15 | 1066 | 20 |
| 9 | 489075877/6.1.16 | 1106 | 18 |

ആക 199രൂപ

ലേറ്റ് ഫീ ഉൾപ്പെടെയുള്ള ചാർജ്ജ് അനുവദിച്ചു നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല അധികം നൽകിയ തുക മെഡിക്കൽ ഓഫീസറിൽ നിന്നു ഈടാക്കേണ്ടതാണ്

## 3-9 വാട്ടർ ഇറിഗേഷൻ സപ്ലൈ സ്കീം

2015-16 സാമ്പത്തികവർഷം പുളിയനം-പാലപ്പുഴ വാട്ടർ ഇറിഗേഷൻ സപ്ലൈ സ്കീ പ്രകാരമുള്ള കൺസ്യൂമർ നമ്പർ 6788 ന് 390339 രൂപ കറണ്ടു ചാർജ്ജ് അടച്ചതാ കാണുന്നു. കുടിവെള്ള പദ്ധതികൾക്കുള്ള കറണ്ട് ചാർജ്ജ് ആവർത്തന സ്വഭാ ഉള്ളതായതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കുന്നത് ഒഴിവാക്കേണ്ടതാ പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും കറണ്ടു ചാർജ്ജ് തുക കണ്ടെ അടയ്ക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വൈദ്യുതി ബോർഡ് കുടിവെ പദ്ധതികൾക്കുള്ള 6E താരിഫിനു പ്രകാരം 4A താരിഫിൽപ്പെടുത്തിയതുമൂലമാ ഇത്തരത്തിൽ അധികനിരക്ക് അടയ്ക്കേണ്ടിവന്നത്. ഇതുമൂലം ഉണ്ടായ അധ നിരക്ക് അഡ്ജസ്റ്റ് ചെയ്തു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന

പാറക്കടവ് ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം 142 പൊതു ടാപ്പുകളു വാട്ടർ ചാർജ്ജ് 535500 രൂപ വാട്ടർ അതോറിററിയിൽ അടച്ചിട്ടുണ്ട്. ഗ്രാമപഞ്ചായ വാട്ടർ അതോറിററിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ സംയുക്ത പരിശോ നടത്തിയ വിവരം പെതുടാപ്പുകളുടെ രജിസ്റ്റർ സഹിതം പരിശോധ ഹാജരാക്കേണ്ടതാണ്.

## 3-11 ജവഹർലാൽ ജയന്തി ഭവന പദ്ധതി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലെ അപാകത

പാറക്കടവ് ഗ്രാമ പഞ്ചായത്തിലെ വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനാ നടപ്പിലാക്കിയ ഭവനപദ്ധതിയിൽ പഞ്ചായത്തിലെ 17 വാർഡുകളിൽ നിന ഓരോ ഗുണഭോക്താക്കൾക്ക് വീതം 2 ലക്ഷം രൂപ സർക്കാർ ധനസഹായം നൽ വീട് നിർമ്മാണം നടത്തിയിട്ടുണ്ട്. 2015-16 വർഷത്തിൽ വീടുപ പൂർത്തിയായതിന്റെ ആനുപാതികമായി 3,22,000/- രൂപ ചെലവഴിച്ചിട്ടു ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

(a) സർക്കാർ ധനസഹായം ഉപയോഗിച്ച് നിർമ്മിയ്ക്കുന്ന വീടുകളു ഉടമസ്ഥാവകാശം 12 -വർഷ കാലത്തേയ്ക്ക് കൈമാറ്റം ചെയ്യുകയില്ലായെ ഗുണഭോക്താവും പഞ്ചായത്തുമായി ഉടമ്പടി ഒപ്പുവയ്ക്കേണ്ടതും ആയത് രജിസ് ചെയ്യേണ്ടതുമാണ്. എന്നാൽ പാറക്കടവ് ഗ്രാമപഞ്ചായത്തിൽ ഇത്തരം എ ഉടമ്പടികളും രജിസ്റ്റർ ചെയ്തിട്ടില്ല.

(b) **ഗുണഭോക്താക്കളുടെ മുൻഗണനാക്രമം മറികടന്ന് ധനസഹാ നൽകി.**

3-ാം വാർഡിലെ ഗ്രാമസഭ മിനിറ്റ്സ് പ്രകാരം ഭവന നിർമ്മാണത്തിനു ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഒന്നാമത് ശ്രീ. സെബു തോമസ്, വടക്കാഞ്ചേ എന്ന പേരാണ് ചേർത്തിരിയ്ക്കുന്നത്. എന്നാൽ ടിയാനെ ഒഴിവാക്കി രണ സ്ഥാനക്കാരനായ ശ്രീ. പി.വി. ജോയി, പറമ്പേത്ത് പൂവത്തുശ്ശേരി എ വ്യക്തിയ്ക്കാണ് സർക്കാർ ധനസഹായം നൽകിയിരിയ്ക്കുന്നത്.

അതുപോലെ തന്നെ 13-ാം വാർഡിലെ ഒന്നാം സ്ഥാനത്തുള്ളത് ശ്രീ. ജോ പി.എസ്, പറയ്ക്ക എന്ന പേരാണ്. എന്നാൽ ടിയാനെ ഒഴിവാക്കി മൂന സ്ഥാനക്കാരനായ ശ്രീ. എം.ഒ. ജോസ്, മൂസ വീട്, മാമ്പ്ര എന്നയാൾക്കാ ധനസഹായം നൽകിയിരിക്കുന്നത്.
ഗുണഭോക്തൃ ലിസ്റ്റിൽ മുൻഗണ ലിസ്റ്റിലെ ഒരാളെ ഒഴിവാക്കണമെങ്ക ടിയാന്റെ രേഖാമൂലമുള്ള സമ്മതപത്രം ആവശ്യമാണ്. അല്ലങ്കിൽ സർക്ക നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അയോഗ്യതയുള്ളതായി ഏതെങ്കി പദ്ധതി നിർവ്വഹണവേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കണ്ടെത്തിയാ ടിയാനെ ഒഴിവാക്കാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ രണ്ടു കേസുകളി മുൻഗണനാ ക്രമം തെറ്റിച്ചതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാ ഇവർക്ക് നൽകിയ സർക്കാർ ധനസഹായം 4 ലക്ഷം രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

© **<u>8-ാം വാർഡിലെ ഗുണഭോക്താവിനെ തിരഞ്ഞെടുത്തതിലെ അപാകത</u>**

8-ാം വാർഡിലെ ഗ്രാമസഭ ഭവനനിർമ്മാണത്തിനുള്ള ഗുണഭോക്താക്കളു ലിസ്റ്റിൽ ഒന്നാമത്തെ പേര്, വൈറ്റ്നർ ഉപയോഗിച്ചതിനാൽ വായിക്കുവ കഴിയാത്ത നിലയിലാണ് ഓഡിറ്റ് സമയത്ത് കാണപ്പെട്ടത്. എന്നാൽ പഞ്ചായ കമ്മിറ്റിയുടെ മിനിറ്റ്സിൽ 8-ാം വാർഡിലെ ലിസ്റ്റിൽ ഒന്നാം സ്ഥാനം ശ്രീധ ഇരട്ടിയിൽ എന്ന പേരാണ് ചേർത്തിരിയ്ക്കുന്നത്. കൂടാതെ വില്ലേജ് രേഖ പ്രകാരം വീട് നിർമ്മിച്ചിരിക്കുന്ന സ്ഥലം (Rt.No. 50699904/22/9/2015 " നിലം" എന്നാ രേഖപ്പെടുത്തിയിരിയ്ക്കുന്നത്. ഇത്തരം സ്ഥലത്ത് നിർമ്മാണ പ്രവർത്തേ അനുവദനീയമല്ല.

നികത്തുഭൂമിയിൽ വീട് നിർമ്മിച്ചാൽ വൈദ്യുതിയ്ക്കും കുടിവെള്ളത്തിനുമാ UA നമ്പർ നൽകാവുന്നതാണ് പെർമനന്റ് നമ്പർ നൽകുവാൻ പാടുള്ളത എന്നാൽ ഇതിനു വിരുദ്ധമായി അസസ്സ്മെന്റ് രജിസ്റ്ററിൽ 521D എന്ന നമ നൽകിയത് നിയമവിരുദ്ധമാണ്.
വീടിന്റെ വിസ്തീർണ്ണം 63.84 ച.മീ. എന്നാണ് രേഖപ്പെടുത്തിയിരിയ്ക്കുന്ന ഫയലിൽ ഒരു നില മാത്രമുള്ള വീടിന്റെ ചിത്രമാണ് ചേർത്തിട്ടുള്ളത്. എന്നാ സ്ഥല പരിശോധനയിൽ രണ്ട് നിലകളുള്ള വീടാണ് കാണുവാൻ കഴിഞ്ഞ സർക്കാർ ധനസഹായം ഉപയോഗിച്ച് 66 ച.മീ. വരെ മാത്രമേ വ നിർമ്മിയ്ക്കുവാൻ പാടുള്ള. ആയതിനാൽ വീടിന്റെ രണ്ടുനിലകളുടെ വിസ്തീർണ്ണം 66 ച.മീ. ൽ അധികമായിട്ടുണ്ട്. ഈ കാരണങ്ങളാൽ ഇവർക്ക് നൽകി ധനസഹായം 2ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവ്വഹിച്ച പദ്ധതിയിലെ അപാകത

പാറക്കടവ് ഗ്രാമപഞ്ചായത്തിൽ 2015/16 വർഷം മെഡിക്കൽ ഓഫീസ (ഹോമിയോ) നിർവ്വഹിച്ച പദ്ധതിയാണ് ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങ മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട് 12/2/2016 -ൽ ഡി.ഡി.നം.446514 പ്രകാരം 2000 രൂപ ആലപ്പുഴ K.S.H.C.P യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയാ ആശുപത്രിയിൽ മരുന്ന് ലഭ്യമായിട്ടില്ല.മരുന്നുകൾ ലഭ്യമാക്കാൻ അടിയന്ത നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാ ആയതിനാൽ ചെലവായ തുക 200000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1. സർവ്വശിക്ഷാ അഭിയാൻ 2015-16 സാമ്പത്തികവർഷം ധനസഹാ അനുവദിച്ചപ്പോൾ മുൻവർഷത്തെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ട് ആയത് ഹാജരാക്കേണ്ടതാണ്.തൻവർഷം അനുവദിച്ച തുക 500000 ര തടസ്സപ്പെടുത്തുന്നു.(ബിൽ നം. 15-16)

2. S0026/16 നമ്പർ പ്രോജക്ട് പ്രകാരം സൈക്കിൾ നൽകിയ പട്ടികജാ വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും ധനസഹാ ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ആരും തന്നെ ഹാജരാക്കിയിട്ടില്ല. പ്രസ്തു പ്രോജക്ടുകൾ 13 ജന്റ്സ് സൈക്കിൾ 3900 രൂപയ്ക്കും 12 ലേഡീസ് സൈക്കിൾ 3 രൂപയ്ക്കും ആലുവയിലുള്ള രഘുനാഥ് സ്റ്റോഴ്സിൽ നിന്നും വാങ്ങി വിതരണം ചെ 98100 രൂപ (ബിൽ നം.2/15-16). ഇപ്രകാരം സൈക്കിൾ നൽകിയ ശ്രീലക്ഷ്മി പി. എന്ന വിദ്യാർത്ഥിനിയുടെ റേഷൻകാർഡ് (നം. 1736021922) പ്രകാരം പിതാ സർക്കാർ ജീവനക്കാരനാണെന്നു കാണുന്നു. 12-ാം പദ്ധതി മാർഗ്ഗരേഖ 2.14 പ്രകാ സർക്കാർ ജീവനക്കാരെ താഴ്ന്ന വരുമാനക്കാരായി കണക്കാക്കാവുന്നത ആയതിനാൽ ഒരു ലേഡി ക്ലർക്കിന് ചെലവായ 3950 രൂപ ഓഡിറ്റ് അംഗീകരിയ്ക്കുന്നില്ല ( ബിൽ നം. 2/15-16)

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-2016 | 124635 | ശാരീരികവും മാനസ്സികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 124635 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2015-2016 | 500000 | മൃഗാശുപത്രി ട്രെയ്നിംഗ് സെന്റർ നിർമ്മാണം | 499000 | 1000 |
| ബ്ളോക്ക് പഞ്ചായത്ത് | 2015-2016 | 100000 | പാലിയേറ്റീവ് കെയർ | 100000 | -0 |
| ബ്ളോക്ക് പഞ്ചായത്ത് | 2015-2016 | 150000 | ശാരീരികവും മാനസ്സികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| KSEB | Street ലൈൻ എക്സ്റ്റൻഷൻ | 84341 | 84341 | 0 |
| KSEB | Street ലൈൻ എക്സ്റ്റൻഷൻ | 184874 | 184874 | 0 |
| KSEB | Street ലൈൻ എക്സ്റ്റൻഷൻ | 49760 | 49760 | 0 |
| KSEB | Street ലൈൻ എക്സ്റ്റൻഷൻ | 406938 | 406938 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS-ഭവനം | GO(MS)781/2010/LSGD-08/03/2010 | 14332500 | 7050125 | 3388500 | | 3664625 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല.**

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം വരവ് വന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2007 – 08 | 3-9(a) | 3854 | കെ ഒ ലോനപ്പൻ | 501103604/ 14.12.15 |
| 2007 – 08 | 3-9(b) | 4144 | ജെയ്സൺ ജോസ് | 11601100155/ 5.4.16 |
| 2007 – 08 | 2.22.2 | 2500 | എക്സി. എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പെരുമ്പാവൂർ | 118856/ 26.12.15 |
| 2007 – 08 | 2.2 | 2500 | എസ് ബി ഐ മൂഴിക്കുളം | 799975/ 30.12.15 |
| 2009-10 2010-11 2011-12 | 3.2 | 8000 | ഹരിഹരൻ വിഇഒ | 1160140005/ 15.7.15 |
| 2009-10 2010-11 2011-12 | 3.2 | 4500 | ഹരിഹരൻ വിഇഒ | 11601400007/ 25.3.16 |
| 2013-14 | 3.1 | 1098 | ഡെയ്സി ടോമി വൈസ് പ്രസിഡന്റ് | 15011032222/ 9.11.15 |
| 2013-14 | 3-2 | 2865 | എൻ.ഡി. ജോൺസൺ | 13609130/ 4.1.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 7.1,7.2(2) | 2009-11 | | ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പദ്ധതിരേഖകൾ ഹാജരാക്കിയില്ല. | ഹെഡ്മിസ്ട്രസ് ഹാജരാക്കിയ രേഖകൾ 4-1-2010-ൽ പഞ്ചായത്ത് ഓഫീസിൽ വച്ച് പരിശോധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ 4-3-2014 -ലെ LFE (PG)268/2016 നമ്പർ കത്ത് പ്രകാരം ബഹു. കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അന്തിമ തീരുമാന ത്തിന് വിധേയ മായി റവന്യൂ റിക്കവറി നടപടി ഒഴിവാക്കുന്നതിന് ശുപാർശ ചെയ്തു. |
| 1997-98 | 3.7.1.5.3 | 2009-11 | | പ്രധാനമന്ത്രിയുടെ സ്കീമിൽപെടുത്തി കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതി – കൺവീനർ അധികം പറ്റിയ തുക 153669 രൂപ പലിശ സഹിതം തിരിച്ച് പിടിക്കണം | wpc no. 36252/09(B) ഉത്തരവ് പ്രകാരമുള്ള സ്റ്റേ ഇപ്പോഴും നിലനിൽക്കുന്നു. 1-4-2015-നു ശേഷം ഹിയറിംഗ് നടത്തിയിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49996087 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59736461 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 154640 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1581900 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-3(3) | | 16800 | ശ്രീ കെ.എസ് അലിയാർ. റിട്ട.കെ.എസ്ഇബി |
| 3-3(4) | | 1300 | ശ്രീ.സിഡി ശ്രീധരൻ നായർ,റിട്ടഎഞ്ചിനിയർ & അസി.എക്സി.എഞ്ചിനിയർ, ഇലക്ട്രിക്കൽഡിവിഷൻ, കിഴക്കമ്പലം, |
| 3-4 | | 3452 | ശ്രീ. സിജി മത്തായി അസി. എഞ്ചിനീയർ |
| 3-5 | | 4090 | ശ്രീ. സിജി മത്തായി അസി. എഞ്ചിനീയർ |
| 3-6 | | 124849 | ശ്രീ ടി ആർ മോഹൻകുമാർ സെക്രട്ടറി |
| 3-8 | | 199 | ശ്രീ പ്രസ്സിൻ ജോർജ്ജ്, മെഡിക്കൽ ഓഫീസർ |
| 3-13 (2) | | 3950 | ശ്രീമതി. കെ.കെ. കോമളം ഹെഡ്മിസ്ട്രസ് |
| ആകെ | | 154640 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക-</u>**

| വർഷം | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ വിവരം |
|---|---|---|---|
| 2015-16 | 3-3(6) | 281900 | ശ്രീ. സിജി. മത്തായി അസി. എഞ്ചിനീയർ |
| | 3-11 (b) | 400000 | ശ്രീ. ദിപു.ബി.എൽ വി.ഇ.ഒ, പുളിയനം |
| | 3-11 (c) | 200000 | |
| | 3-12 | 200000 | ശ്രീ. പ്രസ്സിൻ ജോർജ്ജ്, മെഡിക്കൽ ഓഫീസർ |
| | 3-13 (1) | 500000 | ശ്രീമതി. കെ.കെ.കോമളം, ഹെഡ്മിസ്ട്രസ് |
| ആകെ | | 15,81,900 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

**ഇല്ല.**

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

**ഇല്ല.**

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവ രുടെ സ്ഥിരം മേൽവിലാസങ്ങൾ-

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ടി ആർ മോഹൻകുമാർ സെക്രട്ടറി | സെക്രട്ടറി ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് | താഴത്ത് വീട്,തൃക്കാക്കര,ചങ്ങമ്പുഴ നഗർ പി.ഒ,കൊച്ചി -33, |
| ശ്രീ.സിജി മത്തായി അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പാറക്കടവ് ഗ്രാമപഞ്ചായത്ത് | കൂട്ടാല ഹൗസ്. കല്ലുപാലം, നീറിക്കോട്.പി.ഒ |
| ശ്രീ.സി.ഡി.ശ്രീധരൻ നായർ, (റിട്ട)അസി.എഞ്ചിനിയർ | PWD Panel AE(Ele),എറണാകുളം ജില്ലാ പഞ്ചായത്ത് | ശ്രീ ഭവൻ, റെയിൽവ്യൂ ലൈൻ,ആലുവ. |
| ശ്രീ കെ.എസ് അലിയാർ. റിട്ട.കെ.എസ്.ഇബി | WD Panel AE(Ele),എറണാകുളം ജില്ലാ പഞ്ചായത്ത് | ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല |
| ശ്രീ പ്രസ്സിൻ ജോർജ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി എച്ച് സി , പാറക്കടവ് | ” |
| ശ്രീമതി. കെ.കെ. കോമളം | ഹെഡ്മിസ്ട്രസ്, പാറക്കടവ് | T1/7 NGO QUARTERS, ആലുവ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | നം.എൽ.എഫ്.ഇ.പി(3)859/90/03.02.99/04.06.99. | |
| 1997-98 | നം.എൽ.എഫ്.ഇ.പി(3)1214/01/20.03.02/09.05.02. | |
| 1998-99 | നം.എൽ.എഫ്.ഇ.പി(3)89/03/10.11.03/ 11.12.03 | |
| 1999-00 | നം.എൽ.എഫ്.ഇ.പി(3)1517/03/08.07.04 | |
| 2000-01 | നം.എൽ.എഫ്.ഇ.പി(3)1531/03/29.07.04 | |
| 2001-02(ചെലവ്) | നം.എൽ.എഫ്.ഇ.പി(3)1167/05/26.04.07/ 12.07.07 | |
| 2001-02(വരവ്) | നം.എൽ.എഫ്.ഇ.പി(3)1167/05/26.04.07/ 12.07.07 | |

| | | |
|---|---|---|
| 2002-03 | നം.എൽ.എഫ്.ഇ.പി(3)1167/05/26.04.07/ 12.07.07 | |
| 2003-04 | നം.എൽ.എഫ്.ഇ.പി(3)1167/05/26.04.07/ 12.07.07 | |
| 2004-05 | നം.എൽ.എഫ്.ഇ.പി(3)943/10/2 | |
| 2005-06 | നം.എൽ.എഫ്.ഇ.പി(3)944/10/22.10.11/ 25.11.11 | |
| 2006-07 | നം.എൽ.എഫ്.ഇ.പി(3)945/10/22.10.11/ 25.11.11 | |
| 2007-08 | നം.എൽ.എഫ്.ഇ.പി(3)1701/11/23.04.12/ 09.07.12. | |
| 2008-09 | നം.എൽ.എഫ്.ഇ.പി(3)1701/11/23.04.12/ 09.07.12. | |
| 2009-10 | നം.എൽ.എഫ്.ഇ.പി(3)1735/12/29.10.12/ 04.02.13. | |
| 2010-11 | നം.എൽ.എഫ്.ഇ.പി(3)1735/12/29.10.12/ 04.02.13. | |
| 2011-12 | നം.എൽ.എഫ്.ഇ.പി(3)1735/12/29.10.12/ 04.02.13. | |
| 2012-13 | നം.എൽ.എഫ്.ഇ.പി(5)537/14/21.05.14/ 04.06.14 | |
| 2013-14 | നം.കെ.എസ്.എ.ഇകെഎം(P11)1835/14/ 21.11.15 | |
| 2014-15 | നം.കെ.എസ്.എ.ഇകെഎം(P11)1330/16/ 03-08-2016 | |

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

.

# അനുബന്ധം-1
# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-
ഇകെഎം(പി.11)2263/2016

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് –
682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :9.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് ര സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകു ജില്ലയിലെ **പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2015-16** വർഷത്തെ വാർഷ് ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന് അഭിപ്രായത്തിൽ **പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2015-16** ലെ വാർഷ് ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയ് അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

APPENDIX – I

AUDIT CERTIFICATE

No.K.S.A.-EKM(P11)2263/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 9.01.2017

Certified that I have audited the Annual Financial Statement of **Parakkadavu Grama Panchayat** Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund A Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidel issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Institutions.

In my opinion, the Financial Statements of **Parakkadavu Grama Panchayath** for the year **201** except the observations in my audit report properly presents the picture of income and expenditure.

.

Deputy Director(H.G.)